പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 284 — 20.06.2014- ൽ മറുപടിക്ക്

<u>അനാഥാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ. അജിത് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ശോചനീയമായ അവസ്ഥയിലുള്ള അനാഥാലയങ്ങളുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ശോചനീയമായ അവസ്ഥയിൽ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അനാഥാലയങ്ങൾക്ക് പ്രവർത്തന ലൈസൻസ് ഓരോ നാല് വർഷവും പുതുക്കി നൽകാറുണ്ട്. ലൈസൻസ് പുതുക്കി നൽകുന്നതിന് മുൻപായി സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സാനിറ്റേഷൻ സർട്ടി ഫിക്കറ്റ് എന്നിവ പരിശോധി ക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തുള്ള അനാഥാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | അനാഥാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം എന്നിവ നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |
| (സി) | ശ്രീചിത്രാ പുവർഹോം നവീകരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രീചിത്രാ പുവർഹോം നവീകരിക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന യുവജന ക്ഷേമ കമ്മീഷനിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ശ്രീചിത്രാ ഹോമിന്റെ നവീകരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഉടൻ നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നും, സർക്കാരിന്റെ ആർക്കിടെക്റ്റിനെക്കൊണ്ട് കെട്ടിടം സൗകര്യപ്രദമായ രീതിയിൽ റീ ഡിസൈൻ ചെയ്ത്, ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | ശ്രീചിത്രാ ഹോമിലെ അന്തേവാസികളുടെ വിദ്യാഭ്യാസ/ ജീവിത സൗകര്യങ്ങൾ മെച്ചപ്പെട്ടുത്തുവാൻ ഉതകുന്ന വിവിധങ്ങളായ നിർദ്ദേശങ്ങളും കമ്മീഷൻ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ